# വംശീയതയുടെ പ്രസക്തി

കോട്ടയം അതിരൂപത ശതാബ്ദിയാഘോഷിക്കുമ്പോൾ ഇങ്ങനെയൊരു പ്രത്യേക വംശത്തിന്റെ പ്രസക്തിയെന്താണെന്ന ചോദ്യം അകത്തുനിന്നും പുറത്തുനിന്നും ഉയർന്നുവരുന്നതായി കാണുന്നു. ഒരു വിധത്തിൽ ലോക ചരിത്രം തന്നെ വംശീയമുന്നേറ്റങ്ങളുടെ ചരിത്രമാണല്ലോ. സ്വന്തം സംശുദ്ധി സംരക്ഷിക്കുവാനും ഇടകലർന്നു വംശനാശം സംഭവിക്കാതിരിക്കുവാനും ഓരോ വംശവും എക്കാലത്തും ശ്രദ്ധിച്ചുപോരുന്നതായി ബൈബിളിൽ കാണാം.

ഭാരതത്തിലെ ചാതുർവർണ്യ വ്യവസ്ഥ തന്നെ ഇത്തരമൊരു വംശവേർതിരിവിന്റെ ചിത്രമാണു നമുക്കു തരുന്നത്. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര വർഗ്ഗങ്ങൾക്കു പുറമേ പഞ്ചമർ എന്ന പേരിൽ കീഴാളരുടേതായ അഞ്ചാമതൊരു വർഗ്ഗവും ഇവിടെയുണ്ട്. കീഴാളരുടെയിടയിലുള്ള പറയർ, പുലയർ മുതലായ ഉപവർഗങ്ങളും തങ്ങളുടേതായ തനിമ നിലനിർത്താൻ ബദ്ധപ്പെടുന്നുണ്ട്. ഇന്ത്യൻ ഭരണഘടന തന്നെ അത്തരം വർഗ്ഗങ്ങൾക്ക് പ്രത്യേക സംരക്ഷണവും അവകാശങ്ങളും വാഗ്ദാനം ചെയ്യുന്നു. മിശ്രവിവാഹ സംഘടനകളും പുരോഗമനവാദികളും കിണഞ്ഞുശ്രമിച്ചിട്ടും ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഇല്ലാതെ വ്യാപകമായ വർഗ്ഗസങ്കലനം നടക്കുന്നില്ല. ഉപരിവർഗ്ഗങ്ങളുമായി വിവാഹബന്ധങ്ങളിലേർപ്പെട്ടാൽ ഹരിജനങ്ങൾ എന്നു പറയുന്ന പഞ്ചമർക്ക് ഗവൺമെന്റാനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന അവസ്ഥയുമുണ്ട്. ഗവൺമെന്റ് തന്നെ വർഗ്ഗവംശനിലനില്പുകളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്നർത്ഥം.

കേരളചരിത്രത്തിലും ഈ വംശശുദ്ധിയുടെ മുദ്രകൾ പതിഞ്ഞുകി

ചെയ്തത്. വിവിധവർണ്ണപുഷ്പങ്ങൾ നിറഞ്ഞ ഒരു പൂന്തോട്ടമാണു കത്തോലിക്കാ സഭ - അഥവാ ക്രൈസ്തവ സഭ, ഓരോ പുഷ്പത്തിനും അതിന്റേതായ ഒരു സ്ഥാനം അവിടെയുണ്ട്. നാനാവർണ്ണങ്ങളിലുള്ള പൂക്കൾ ഉദ്യാനത്തിന്റെ ഭംഗി വർദ്ധിപ്പിക്കുന്നു. എല്ലാത്തരം പൂക്കളെയും ഉദ്യാനപാലകൻ ഒരു പോലെ സ്നേഹിക്കുന്നു. ഉദ്യാനത്തിന്റെ ഓരോ ഭാഗത്തായി ഒരേതരം ചെടികളെ വേർതിരിച്ചുകൂട്ടമായി നിർത്തി സംരക്ഷിച്ചു വളർത്തുന്നു. ഈ ഉപമ ദുരവസ്ഥ എന്ന കാവ്യത്തിൽ കുമാരനാശാൻ ഉപയോഗിച്ചിട്ടുള്ളതാണ്.



പ്രൊഫ. മാത്യു ഉലകംതറ

സീറോ മലബാർ സഭയ്ക്കുള്ളിൽ ക്നാനായ സഭ എന്ന മറ്റൊരു സഭയോ എന്ന ചോദ്യത്തിന് 'കുസുമേകുസുമോൽപത്തി' എന്ന സമസ്യയ്ക്ക് കാളിദാസൻ നൽകിയ ഉത്തരം ഓർത്താൽമതിയാകും. "ബാലേ തവ മുഖാംഭോജേ നേത്രമിന്ദീവരദ്വയം" പെൺ കിടാവേ നിന്റെ മുഖമാകുന്ന താമരപ്പൂവിൽ കണ്ണുകളാകുന്ന രണ്ടു കരിംകൂവളപ്പൂക്കളുണ്ടല്ലോ എന്നർത്ഥം. മുഖപുഷ്പത്തിനു നേത്ര പുഷ്പങ്ങൾ ഭംഗി വർദ്ധിപ്പിക്കുകയേ ഉള്ളു; മറിച്ചും ഭംഗി വർദ്ധിപ്പിക്കുന്ന ഈ പ്രക്രിയ ക്നാനായക്കാരുടെ പുരാതനാചാരങ്ങളിലേക്കു നോക്കിയാൽകാണാം.

സുറിയാനി ക്രിസ്ത്യാനികൾക്കു പണ്ടുണ്ടായിരുന്ന പല ആചാരങ്ങളും ക്നാനായക്കാർ ഇന്നും നിലനിർത്തിപ്പോരുന്നു. പുരാതനപ്പാട്ടുകളും വിവാഹച്ചടങ്ങുകളും നടവിളിയും മാർഗ്ഗം കളിയും പരിചമുട്ടുകളിയുമൊക്കെ അവർ നഷ്ടപ്പെടാതെ നിലനിർത്തുന്നു.

രിക്കാൻ കഴിയാത്തത് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. അതുകൊണ്ട് സുവിശേഷപ്രവർത്തനത്തിനോ കത്തോലിക്ക സഭയ്ക്കോ ഒരു കോട്ടവും സംഭവിക്കുന്നില്ല. നേട്ടമുണ്ടുതാനും.

ഒരു ചെറിയ സമൂഹത്തിന് കൂട്ടായ്മ നിലനിർത്താനും പരസ്പരം സഹായിക്കാനും ഐകമത്യത്തോടെ വളരാനും വളർത്താനും കൂടുതൽ സൗകര്യവും എളുപ്പവുമുണ്ട്. അതു വേണ്ടപോലെ തിരിച്ചറിഞ്ഞ് ക്നാനായ സഭാധികൃതർ ശതാബ്ദിയാഘോഷത്തോടനുബന്ധിച്ച് പല പുതിയ പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ടെന്നറിയുന്നതിൽ സന്തോഷം തോന്നുന്നു. ക്നാനായ സഭാംഗങ്ങളുടെ ഉപരിപഠനത്തിന് ആവശ്യമായ ധനസഹായം നല്കുന്നതിനു ഒരു വിദ്യാഭ്യാസഫണ്ട് രൂപീകരിക്കുന്നുണ്ട്. 'ശതാബ്ദി വിദ്യാഭ്യാസ ഫണ്ട്' എന്ന പേരിൽ തുടങ്ങിയിരിക്കുന്ന ഈ നിധിയിൽനിന്ന് പലിശയില്ലാത്ത വായ്പ വാങ്ങി ദരിദ്രവിദ്യാർത്ഥികൾക്കു വിദ്യാഭ്യാസം പൂർത്തിയാക്കാം. ജോലി കിട്ടിക്കഴിഞ്ഞ് തുക മാത്രം ഗഡുക്കളായി അടച്ചുതീർത്താൽ മതിയാകും. മറ്റൊന്നു ഭവന സഹായ പദ്ധതിയാണ്. 'എന്റെ സ്നേഹവീട്' എന്ന പേരിലുള്ള പദ്ധതിക്ക് കോട്ടയം അതിരൂപതയിൽ വാസയോഗ്യമല്ലാതെയുള്ള ഭവനങ്ങൾ വാസയോഗ്യമാക്കുക എന്ന ലക്ഷ്യമാണുള്ളത്. ഇതിനു വേണ്ടി 70 ലക്ഷത്തോളം രൂപ സമാഹരിക്കാൻ കഴിഞ്ഞതായി അറിഞ്ഞു. ഇതിനു പുറമേ കോട്ടയം അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ കെ.എസ്.എസ്.എസ്. മറ്റൊരു ഭവനനിർമ്മാണ പദ്ധതി

★★★

**സ്വന്തം വിഭാഗത്തിന്റെ കുലമഹിമയും തനിമയും സംരക്ഷിക്കാനാണ് എല്ലാവരുടെയും ശ്രമം. അങ്ങനെയായിരിക്കെ ചരിത്രപരമായ കാരണങ്ങളാൽ സുറിയാനി സഭയിലൊരു പ്രത്യേക വിഭാഗമായി നിലനിന്നുപോന്ന ക്നാനായക്കാർക്ക് അവരുടെ തനിമ നിലനിർത്തണമെന്ന അഭിലാഷം ന്യായയുക്തമാണ്. അതിനവർക്ക് അവകാശമുണ്ട്. ഈ ആഗ്രഹത്തെ മാനിച്ചും അഭിലാഷത്തെ അംഗീകരിച്ചുമാണ് കത്തോലിക്കാതിരുസഭ അവർക്കു സ്വന്തമായി ഒരു രൂപത അനുവദിക്കുകയും അതു പിന്നീട് അതിരൂപതയായി ഉയർത്തുകയും ചെയ്തത്.**

★★★

കാഴ്ചവയ്പുവരെ ജനാഭിമുഖമായും ശേഷം ഭാഗം ദിവ്യകാരുണ്യഭോജനം വരെ അൾത്താരാഭിമുഖമായും, ദിവ്യകാരുണ്യസ്വീകരണശേഷമുള്ള സമാപന ഭാഗം വീണ്ടും ജനാഭിമുഖമായും ഒട്ടേറെ ആവർത്തനങ്ങളൊഴിവാക്കി ഒരു കുർബാനക്രമം നേരത്തെതന്നെ നടപ്പാക്കിയതു കോട്ടയം അതിരൂപതയാണ്. പിന്നീട് ഈ പരിഷ്കാരം ഒരു ഒത്തുതീർപ്പു വ്യവസ്ഥയെന്ന നിലയിൽ സീറോമലബാർ സഭാ സിനഡ് അംഗീകരിക്കുകയും ചെയ്തു. എന്നാൽ അതു പൂർണ്ണമായി നടപ്പാക്കാൻ ഇതര രൂപതകൾക്കു കഴിഞ്ഞിട്ടില്ല എന്നത് ഖേദകരമായ വസ്തുതയാണ്. ആരുടെയും നിലപാടിൽ പൂർണ്ണമാറ്റം വരുത്താതെയുള്ള ഒത്തുതീർപ്പ് ഈ ഫോർമുല എല്ലാവരും നടപ്പിലാക്കുന്നത് സീറോമലബാർ സഭയുടെ ഒരുമയ്ക്കു സഹായകമായിരിക്കും.

ശതാബ്ദി ആഘോഷങ്ങളുടെ

ങ്ങളിൽ പാലാ സെന്റ് തോമസ് കോളജിലെ ആദ്യകാല വിദ്യാർത്ഥിയായി ഞാൻ ചെല്ലുമ്പോൾ ആക്ടിംഗ് പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചിരുന്ന ഷെവലിയാർ വി.ജെ. ജോസഫിന്റെയും ഇംഗ്ലീഷ് പ്രൊഫസറായിരുന്ന സ്റ്റീഫൻ സാറിന്റെയും സ്നേഹമസൃണമായ പെരുമാറ്റം ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

അപ്നാദേശിന്റെ സ്ഥാപകപത്രാധിപരായിരുന്ന ജോസഫ് മാളിയേക്കൽ സാറിനെ നേരിൽ പരിചയപ്പെടാനും, എന്റെ ആദ്ധ്യാത്മികഗുരുവും രക്ഷകർത്താവുമായിരുന്ന മോൺ. ജേക്കബ് നടുവത്തുശ്ശേരിലച്ചന്റെ ആത്മമിത്രമായിരുന്ന തറയിൽപിതാവിനോടു ബന്ധപ്പെടാനും, നടുവത്തുശ്ശേരിലച്ചന്റെ ശവസംസ്കാരവേളയിൽ ആവന്ദ്യപിതാവു നടത്തിയ ചരമ പ്രസംഗം കേൾക്കാനും എനിക്കിടയായിട്ടുണ്ട്.

ചില സംഭവങ്ങൾ ഇല്ലാതെ വ്യാപകമായ വർഗ്ഗസങ്കലനം നടക്കുന്നില്ല. ഉപരിവർഗ്ഗങ്ങളുമായി വിവാഹബന്ധങ്ങളിലേർപ്പെട്ടാൽ ഹരിജനങ്ങൾ എന്നു പറയുന്ന പഞ്ചമർക്ക് ഗവൺമെന്റാനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന അവസ്ഥയുമുണ്ട്. ഗവൺമെന്റ് തന്നെ വർഗ്ഗവംശനിലനില്പുകളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്നർത്ഥം.

കേരളചരിത്രത്തിലും ഈ വംശശുദ്ധിയുടെ മുദ്രകൾ പതിഞ്ഞുകിടപ്പുണ്ടെന്നു നമുക്കറിയാം. നമ്പൂതിരി ഇല്ലങ്ങളിലേക്കു നമ്പൂതിരി സ്ത്രീകളെ മാത്രമേ വേളികഴിച്ചുകൊണ്ടുവരാറുള്ളൂ. നമ്പൂതിരിമാർക്കു നായർ സ്ത്രീകളുമായി സംബന്ധമുണ്ടായിരുന്നെങ്കിലും അതിലുണ്ടാകുന്ന കുട്ടികളെ നമ്പൂതിരി സമുദായത്തിലേക്കു സ്വീകരിക്കുമായിരുന്നില്ല. ലളിതാംബിക അന്തർജനത്തിന്റെ അഗ്നിസാക്ഷി എന്ന നോവലിൽ ഈ വ്യവസ്ഥിതിയുടെ വ്യക്തമായ ചിത്രം കാണാം. കേരളത്തിലെ കത്തോലിക്കരുടെയിടയിൽപോലും ഇത്തരം വംശവേർതിരിവിന്റെ ഉദാഹരണങ്ങൾ ഉണ്ടല്ലോ. ലത്തീൻ, സുറിയാനി, മലങ്കര വിഭാഗങ്ങളെല്ലാം സ്വജാതി വിവാഹങ്ങളിൽ ഇപ്പോഴും നിഷ്കർഷയുള്ളവരാണ്. ലത്തീൻകാർക്കിടയിൽ എഴുനൂറ്റിക്കാർ, അഞ്ഞൂറ്റിക്കാർ, മുന്നൂറ്റിക്കാർ മുതലായ വേർതിരിവുകളുണ്ട്. എഴുന്നൂറ്റിക്കാർ മുന്തിയ വിഭാഗവും മുന്നൂറ്റിക്കാർ താണ വിഭാഗവുമായി ഗണിക്കപ്പെടുന്നു. പ്രത്യേക സാഹചര്യങ്ങളിൽ പരസ്പര വിവാഹബന്ധങ്ങൾ നടക്കാറുണ്ടെങ്കിലും പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

സ്വന്തം വിഭാഗത്തിന്റെ കുലമഹിമയും തനിമയും സംരക്ഷിക്കാനാണ് എല്ലാവരുടെയും ശ്രമം. അങ്ങനെയായിരിക്കെ ചരിത്രപരമായ കാരണങ്ങളാൽ സുറിയാനി സഭയിലൊരു പ്രത്യേക വിഭാഗമായി നിലനിന്നുപോന്ന ക്നാനായക്കാർക്ക് അവരുടെ തനിമ നിലനിർത്തണമെന്ന അഭിലാഷം ന്യായയുക്തമാണ്. അതിനവർക്ക് അവകാശമുണ്ട്. ഈ ആഗ്രഹത്തെ മാനിച്ചും അഭിലാഷത്തെ അംഗീകരിച്ചുമാണ് കത്തോലിക്കാതിരുസഭ അവർക്കു സ്വന്തമായി ഒരു രൂപത അനുവദിക്കുകയും അതു പിന്നീട് അതിരൂപതയായി ഉയർത്തുകയും വർദ്ധിപ്പിക്കുകയേ ഉള്ളൂ; മറിച്ചും ഭംഗി വർദ്ധിപ്പിക്കുന്ന ഈ പ്രക്രിയ ക്നാനായക്കാരുടെ പുരാതനാചാരങ്ങളിലേക്കുനോക്കിയാൽകാണാം.

സുറിയാനി ക്രിസ്ത്യാനികൾക്കു പണ്ടുണ്ടായിരുന്ന പല ആചാരങ്ങളും ക്നാനായക്കാർ ഇന്നും നിലനിർത്തിപ്പോരുന്നു. പുരാതനപ്പാട്ടുകളും വിവാഹച്ചടങ്ങുകളും നടവിളിയും മാർഗ്ഗം കളിയും പരിചമുട്ടുകളിയുമൊക്കെ അവർ നഷ്ടപ്പെടാതെ നിലനിർത്തുന്നു. ഈ ലേഖകന്റെ പിതാമഹൻ അടച്ചുതുറപ്പാട്ടു മുതലായ മംഗല്യപ്പാട്ടുകളുടെ ഒരു ആശാനായിരുന്നു. എന്നാൽ വടക്കുംഭാഗരായ ഞങ്ങൾ അതെല്ലാം ഉപേക്ഷിച്ചു. ക്നാനായക്കാർ അതൊക്കെ ആദരവോടെ നിലനിർത്തുന്നു. ദേശകാലോചിതമായി അവയിൽ ചില മാറ്റങ്ങൾ വരുത്തുന്നതു നന്നായിരിക്കുമെന്നൊരഭിപ്രായം എനിക്കുമുണ്ട്, കല്ല്യാണപ്പെണ്ണിനെ അമ്മാവൻ എടുത്തു എളിയിലുരുത്തിക്കൊണ്ടുപോകുന്ന സമ്പ്രദായം ശിശുവിവാഹം നടന്നിരുന്ന കാലത്തിന്റെ തുടർച്ചയാണ്. പ്രായപൂർത്തിയായ യുവതികളെ എളിയിലേറ്റാൻ യുവാക്കളായ അമ്മാവന്മാരെയും മറ്റും നിർബന്ധിക്കണമോ? കാനായിലെ കല്ല്യാണ വിരുന്നിന്റെ ലഹരി വ്യത്യസ്തമായ ദേശകാലങ്ങളിൽ പ്രയോഗിക്കേണ്ടതില്ലെന്നും തോന്നുന്നു. വംശത്തനിമ നിലനിർത്താൻ ഉചിതമായ പാരമ്പര്യങ്ങൾ മാത്രം പിന്തുടർന്നാൽ മതിയാവില്ലേ? വേഷഭൂഷാദികളിൽ അവർ കാലോചിതമാറ്റം അംഗീകരിക്കുന്നുണ്ടല്ലോ.

പരിഹരിക്കാനെളുപ്പമല്ലാത്ത ഒരു പ്രശ്നം വടക്കുംഭാഗരുമായുള്ള വിവാഹബന്ധത്തിൽ ഏർപ്പെടുന്നവരുടേതാണ്. ദേശകാലസാഹചര്യങ്ങൾ അത്തരം ചില ബന്ധങ്ങൾക്ക് ആധുനിക യുവതീയുവാക്കളെ നിർബന്ധിക്കുന്നുണ്ടെന്നതും സഹതാപപൂർവ്വം നോക്കിക്കാണേണ്ടതാണ്. അത്തരം വിവാഹങ്ങളെ പ്രോത്സാഹിപ്പിച്ചു തുടങ്ങിയാൽ ക്നാനായ വംശം താമസം വിനാ നാമാവശേഷമായിപ്പോകുമെന്ന കാര്യം താദൃശബന്ധങ്ങളിലേർപ്പെടുന്നവരുൾപ്പെടെ എല്ലാവരും ഓർമ്മിക്കേണ്ടതുണ്ട് ക്നാനായ മിഷനറിയിൽനിന്നു ജ്ഞാനസ്നാനമേല്ക്കുന്ന ഇതര മതസ്ഥരെ കോട്ടയം രൂപതാംഗങ്ങളായി സ്വീക

മതിയാകും. മറ്റൊന്നു ഭവന സഹായ പദ്ധതിയാണ്. 'എന്റെ സ്നേഹവീട്' എന്ന പേരിലുള്ള പദ്ധതിക്ക് കോട്ടയം അതിരൂപതയിൽ വാസയോഗ്യമല്ലാതെയുള്ള ഭവനങ്ങൾ വാസയോഗ്യമാക്കുക എന്ന ലക്ഷ്യമാണുള്ളത്. ഇതിനു വേണ്ടി 70 ലക്ഷത്തോളം രൂപ സമാഹരിക്കാൻ കഴിഞ്ഞതായി അറിഞ്ഞു. ഇതിനു പുറമേ കോട്ടയം അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ കെ.എസ്.എസ്.എസ്. മറ്റൊരു ഭവനനിർമ്മാണ പദ്ധതി ശതാബ്ദി കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ജാതിമതഭേദമെന്യേ 100 വീടുകൾ നിർമ്മിക്കുന്നതിനുള്ള സഹായം നൽകാൻ ഇതുവഴി കഴിഞ്ഞു.

ആതുരശുശ്രൂഷാ രംഗത്തും കോട്ടയം അതിരൂപതയുടെ സേവനം ശ്രദ്ധേയമാണ്. കോട്ടയത്തെ മെഡിക്കൽകോളേജും ഇതര ആശുപത്രികളുമുണ്ടാകുന്നതിനും വളരെ മുമ്പ് വിദഗ്ധവൈദ്യ സഹായം നൽകിയിരുന്ന കോട്ടയത്തെ ഏക ആശുപത്രി എന്ന നിലയിൽ പ്രവർത്തിച്ചിരുന്നതാണ് കാരിത്താസ് ഹോസ്പിറ്റൽ. ഇപ്പോൾ അത് കാൻസർ ചികിത്സ, ആയുർവേദചികിത്സ എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു മാതൃകാസ്ഥാപനമായി ഉയർന്നു നില്ക്കുന്നു.

എന്റെ 'ആരോഗ്യസുരക്ഷാ പദ്ധതി' എന്ന പേരിൽ ഒരു ഇൻഷുറൻസ് സ്കീം ശതാബ്ദിയുടെ ഭാഗമായി ആരംഭിക്കുകയും നാനാജാതി മതസ്ഥരായ ആയിരക്കണക്കിന് ആളുകളെ ഇതിൽ ചേർക്കുകയും ചെയ്തത് ഏറെ ശ്രദ്ധ നേടുന്നു. ചികിത്സ ഇന്ന് ഏറെ ചെലവേറിയ മേഖലയാണ്. ഈ പദ്ധതിയിലൂടെ പ്രയോജനം നിരവധി ആളുകൾക്ക് ലഭിച്ചുകഴിഞ്ഞു. ഏറെ അർത്ഥവത്തായ ഈ പദ്ധതി സാധാരണക്കാർക്ക് വലിയൊരു അനുഗ്രഹമാണ്. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിൽ അപൂർവ്വം ചില രൂപതകൾക്കുമാത്രം നടത്താൻ കഴിഞ്ഞിട്ടുള്ള സേവന പദ്ധതികളെ അതിശയിക്കുന്നതിനു കോട്ടയം അതിരൂപതക്കു കഴിയുന്നുണ്ട്. അത് ആ ചെറിയ അജഗണത്തിന്റെ ഒരുമയുടെയും വംശസ്നേഹത്തിന്റെയും ഫലമാണ്.

ആരാധനാക്രമ പരിഷ്കാരങ്ങളിൽ ഉചിതമായ ഒരു നിലപാടു സ്വീകരിച്ച ഏക രൂപത കോട്ടയമാണെന്നെനിക്കു തോന്നിയിട്ടുണ്ട്. ഒരു ഒത്തുതീർപ്പു വ്യവസ്ഥയെന്ന നിലയിൽ സീറോമലബാർ സഭാ സിനഡ് അംഗീകരിക്കുകയും ചെയ്തു. എന്നാൽ അതു പൂർണ്ണമായി നടപ്പാക്കാൻ ഇതര രൂപതകൾക്കു കഴിഞ്ഞിട്ടില്ല എന്നത് ഖേദകരമായ വസ്തുതയാണ്. ആരുടെയും നിലപാടിൽ പൂർണ്ണമാറ്റം വരുത്താതെയുള്ള ഒത്തുതീർപ്പ് ഈ ഫോർമുല എല്ലാവരും നടപ്പിലാക്കുന്നത് സീറോമലബാർ സഭയുടെ ഒരുമയ്ക്കു സഹായകമായിരിക്കും.

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ആധ്യാത്മിക നവീകരണത്തിനും ചില പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടല്ലോ. ഇടവകധ്യാനം, ഫൊറോനാകൺവൻഷൻ, പ്രായം തിരിച്ചുള്ള ധ്യാനങ്ങൾ, പാരീഷ് കൗൺസിൽ അംഗങ്ങൾക്കും മതാദ്ധ്യാപകർക്കുമുള്ള പ്രത്യേക ക്ലാസുകൾ ഇവയെല്ലാം ക്രൈസ്തവാരൂപിയിൽ വളരുന്നതിന് സമുദായാംഗങ്ങളെ ഏറെ സഹായിക്കുമെന്നുള്ളതിൽ സംശയമില്ല. സ്കൂൾ അധ്യാപകർ, കർഷകർ, തൊഴിലാളികൾ, വ്യവസായികൾ മുതലായവർക്ക് ക്രൈസ്തവ ബോധവൽക്കരണം നൽകുന്നതിനുള്ള ചില ആലോചനകളും നടന്നുവരുന്നതായറിയുന്നു. ആത്മീയഭൗതികരംഗങ്ങളിലെല്ലാം സമഗ്രമായ ദിശാബോധം നൽകി ക്രിസ്തുമാർഗം സുഗമവും രമ്യവുമാക്കിത്തീർക്കുന്നതിലുള്ള ഈ പദ്ധതികൾ അഭിനന്ദനീയമാണെന്നു പറയാൻ മടിക്കേണ്ടതില്ല. സമുദായം ഛിന്നഭിന്നമായാൽ ഇങ്ങനെയെന്തെങ്കിലും ചെയ്യുക ദുഷ്കരമായിത്തീരും.

കോട്ടയം അതിരൂപതയിൽപെട്ട മള്ളൂശ്ശേരിപള്ളിയുടെ സമീപം ജീവിത സായാഹ്നം ചെലവഴിക്കാൻ സാധിച്ച ദൈവാനുഗ്രഹത്തിനു ഞാൻ നന്ദിപറയുന്നു. അനുദിന ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും എല്ലാകാര്യങ്ങളിലും സ്വീകാര്യനായ ഒരയൽക്കാരനായി കഴിയുന്നതിനും മാറിമാറിവരുന്ന വികാരിമാരും വിസിറ്റേഷൻ സഹോദരിമാരും ഹൃദയംഗമായി എന്നെ സഹായിക്കുന്നു.

എന്റെ ബാല്യകാലത്ത് മാതൃഭവനമായ കീഴൂരിൽ ഞാൻ ചെന്ന അവസരങ്ങളിലെല്ലാം അയൽക്കാരായ ക്നാനായ കാരണവന്മാരുടെയും സഹോദരങ്ങളുടെയും സ്നേഹം എനിക്കു അനുഭവിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 1950–52 കാല

അപനാദേശിന്റെ സ്ഥാപകപത്രാധിപരായിരുന്ന ജോസഫ് മാളിയേക്കൽ സാറിനെ നേരിൽ പരിചയപ്പെടാനും, എന്റെ ആദ്ധ്യാത്മികഗുരുവും രക്ഷകർത്താവുമായിരുന്ന മോൺ. ജേക്കബ് നടുവത്തുശ്ശേരിലച്ചന്റെ ആത്മമിത്രമായിരുന്ന തറയിൽപിതാവിനോടു ബന്ധപ്പെടാനും, നടുവത്തുശ്ശേരിലച്ചന്റെ ശവസംസ്കാരവേളയിൽ ആ വന്ദ്യപിതാവു നടത്തിയ ചരമ പ്രസംഗം കേൾക്കാനും എനിക്കിടയായിട്ടുണ്ട്.

ദീപിക ആഴ്ചപ്പതിപ്പിന്റെ പത്രാധിപസ്ഥാനത്തുനിന്നു വിരമിച്ച ശേഷം കോട്ടയം അതിരൂപതവക മൈനർ സെമിനാരിയിൽ അധ്യാപകനായി ജോലിചെയ്യാനും എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. തേവര കോളേജിൽ എന്റെ പ്രിയ ശിഷ്യനായിരുന്ന ഷെവലിയർ പി.എം. ജോൺ പുല്ലാപ്പള്ളിയും ജോർജ് തയ്യിലും അന്ന് എന്റെ സഹാദ്ധ്യാപകരായിരുന്നു. ഇതര രൂപതകളിൽപെട്ടവരോടും പക്ഷഭേദമില്ലാതെ സ്നേഹാദരങ്ങൾ പുലർത്തുന്നവരാണ് ക്നാനായ സമൂഹം എന്നുള്ളതിനു വേറെയും ഉദാഹരണങ്ങളുണ്ട്. വിശുദ്ധ അൽഫോൻസാമ്മ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ടതിനു പോലും ഏറെ മുമ്പ് ആ ധന്യചരിതയുടെ വിശുദ്ധികണ്ടറിഞ്ഞ് "കാനനസൂനം" എന്ന കാവ്യമെഴുതി പ്രസിദ്ധപ്പെടുത്തിയത് കോട്ടയം രൂപതാംഗമായിരുന്ന ഫാ. ജോസഫ് നെടുഞ്ചിറയാണ്. അൽഫോൻസാമ്മയെക്കുറിച്ചുണ്ടാകുന്ന ആദ്യകാവ്യവും മികച്ച കാവ്യവും നെടുഞ്ചിറയച്ചന്റെ കാനനസൂനം തന്നെയാണ്.

യശശ്ശരീരരായ ചില ക്നാനായ ശ്രേഷ്ഠന്മാരെ മാത്രമേ ഞാനിവിടെ പരാമർശിച്ചിട്ടുള്ളൂ. ജീവിച്ചിരിക്കുന്നവരെക്കുറിച്ചു പറയാൻ തുടങ്ങിയാൽ ഒരു ലേഖനത്തിൽ ഒതുങ്ങാതെ വരും. അനുഭവത്തിന്റെ വെളിച്ചത്തിൽ ഭംഗിവാക്കുകളുടെ മേമ്പൊടി ചേർക്കാതെ എനിക്കു പറയാൻ കഴിയും ദൈവിക പദ്ധതിയിൽ ക്നാനായ സമൂഹത്തിനും കോട്ടയം അതിരൂപയ്ക്കും നല്ലൊരു ഇടമുണ്ട്. അതിരൂപതയ്ക്കും സമുദായത്തിനും ഈ എളിയ അല്മായ അയൽക്കാരന്റെ ഹൃദയംഗമായ പ്രാർത്ഥനാശംസകൾ. ●